നിരാശ്രയരും, നിശ്ചിത ഉപജീവനമാർഗമില്ലാത്തവരുമായ വിധവകൾ, മാരകരോഗ ബാധിതരായിട്ടുള്ളവർ, അംഗവൈകല്യം സംഭവിച്ചവർ, 60 വയസ്സോ അതിനു മുകളിലോ പ്രായമുള്ള വ്യക്തികൾ നാഥൻ/നാഥയായിട്ടുള്ള കുടുംബങ്ങൾ, ഇതേ വിഭാഗത്തിൽപ്പെട്ടവരും എന്നാൽ കുടുംബമില്ലാത്തവരുമായ ഏകയായ സ്ത്രീയോ ഏകനായ പുരുഷനോ, ആദിമ ഗോത്രവർഗ്ഗ കുടുംബങ്ങൾ എന്നിവരാണ് മുൻഗണനാ വിഭാഗക്കാർ കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് അന്ത്യോദയ അന്നയോജനാ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭകൾ/വാർഡു സഭകളാണ്.

(ബി) ഉണ്ട്. ഇതനുസരിച്ച്, സംസ്ഥാനത്ത് രണ്ടു ലക്ഷത്തോളം കുടുംബങ്ങൾക്കുകൂടി അന്ത്യോദയ അന്നയോജന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടികൾ എടുത്തുവരുന്നു.

സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

50 (2498) ശ്രീ. കെ. മോഹൻകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സാംസ്കാരിക വകുപ്പ് ഇതിനകം എത്ര പുസ്തകങ്ങൾ പുനഃപ്രകാശനം ചെയ്തിട്ടുണ്ട് ;

(സി) പുനഃപ്രകാശനം ചെയ്യേണ്ട പുസ്തകങ്ങൾ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) 'വിനോബാഭാവെയും കേരളവും' എന്ന പേരിൽ ഗ്രന്ഥം പ്രകാശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾക്ക് ആവശ്യമായ പ്രചാരണം നൽകുവാൻ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) അമൂല്യവും വൈവിദ്ധ്യവുമായ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവും പ്രചാരലുബ്ധമായ അമൂല്യ ഗ്രന്ഥങ്ങളുടെ പുനഃപ്രസിദ്ധീകരണവുമാണ് സംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പ്രധാന ലക്ഷ്യം. കേരള സംസ്കാരം, ചരിത്രം, സാഹിത്യം, കല എന്നീ വിവിധ മേഖലകളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുപുറമേ കേരളത്തിൽ ജനിച്ചുവളർന്ന് കേരള സംസ്കാരത്തിന് അമൂല്യങ്ങളായ സംഭാവനകൾ നല്കിയിട്ടുള്ള മൺമറഞ്ഞ മഹാന്മാരുടെ ജീവചരിത്രങ്ങളും വകുപ്പു പ്രസിദ്ധീകരിച്ചുവരുന്നു. സംസ്കാര കേരളം എന്ന പേരിൽ ഗവേഷണ പ്രധാനമായ ഒരു ത്രൈമാസികയും വകുപ്പു പ്രസിദ്ധീകരിക്കുന്നു. ഇതിനുപുറമേ ആനുകാലികങ്ങളിൽ ഒരു കലണ്ടർ വർഷത്തിൽ പ്രസിദ്ധീകരിക്കുന്ന മികച്ച ലേഖനത്തിന് 10,000 രൂപയും ഒരു പ്രശസ്തി പത്രവും അടങ്ങുന്ന സംസ്കാര കേരളം അവാർഡ് വർഷംതോറും നൽകുന്നതിനു പുറമേ ഉത്തമ ഗവേഷണ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് 10,000 രൂപവരെയുള്ള ധനസഹായം ഓരോ ഗ്രന്ഥകാരനും വകുപ്പ് നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 12 പുസ്തകങ്ങൾ.

(സി) പുനഃപ്രകാശനം നടത്തേണ്ട പുസ്തകങ്ങൾ നിശ്ചയിക്കുന്നത് സാംസ്ക്കാരിക പ്രസിദ്ധീകരണവകുപ്പ് ഉപദേശക സമിതിയുടെ തീരുമാന പ്രകാരമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഇപ്പോൾ ആവശ്യമായ പ്രചാരണം നൽകുന്നുണ്ട്.

പരസ്യങ്ങൾ നിയന്ത്രിക്കാൻ നടപടി

51 (2499) ശ്രീ. ടി. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കാരിക രംഗത്ത് മൂല്യച്യുതി ഉണ്ടാക്കുന്ന പരസ്യങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദൃശ്യമാധ്യമങ്ങളിലൂടെ നടത്തുന്ന ഇത്തരം പരസ്യങ്ങളെ നിയന്ത്രിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പരസ്യങ്ങളെ സംബന്ധിച്ച് പഠനം നടത്തുവാൻ സാംസ്കാരിക വകുപ്പിന്റെ കീഴിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പരസ്യങ്ങളെ സംബന്ധിച്ച് പഠനം നടത്തുവാനും നിയന്ത്രിക്കുവാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സെൻസർ ബോർഡിന്റെ അംഗീകാരമില്ലാത്ത ചിത്രങ്ങളും മറ്റും പ്രദർശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമം അനുസരിച്ച് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) പരിശോധിക്കാവുന്നതാണ്.

കഥാപ്രസംഗ അക്കാഡമി രൂപീകരിക്കുവാൻ നടപടി

52 (2500) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കഥാപ്രസംഗകലയെ സംരക്ഷിക്കുന്നതിനായി ഒരു കഥാപ്രസംഗ അക്കാഡമി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly